# കേരള സർക്കാർ

നമ്പർ 75/2018/ധന

ധനകാര്യ (പബ്ലിക്ക് അണ്ടർടേക്കിംഗ്-സി) വകുപ്പ്
തിരുവനന്തപുരം,
തീയതി 20.08.2018

## പരിപത്രം

വിഷയം :- ബോർഡ് യോഗങ്ങൾക്ക് മുൻകൂറായി നോട്ടീസുകളും അജണ്ടകുറിപ്പുകളും ലഭ്യമാക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന : 1.. സർക്കുലർ നം.58/2009-ധന തീയതി.23.07.2009.
2.. 07.05.2018 ൽ ധനകാര്യ (എക്സ്പെൻഡിച്ചർ) സെക്രട്ടറി നടത്തിയ യോഗത്തിന്റെ മിനിട്ട്സ്.

സൂചനയിലെ സർക്കുലർ പ്രകാരം ബോർഡുയോഗത്തിനുള്ള അജണ്ടകുറിപ്പുകൾ, ബന്ധപ്പെട്ട ഓഫീസർമാർക്ക് വിശദമായി പഠിക്കുന്നതിനായി, യോഗദിവസത്തിനും കുറഞ്ഞത് പത്ത് ദിവസം മുൻപെങ്കിലും ലഭ്യമാക്കണമെന്ന് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ /സ്റ്റാറ്റ്യൂട്ടറി ബോർഡ് /സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല സ്ഥാപനങ്ങളും പ്രസ്തുത സമയ പരിധി പാലിക്കുന്നില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം ധനകാര്യ വകുപ്പ് സെക്രട്ടറി തലത്തിൽ ഒരു യോഗം കൂടുകയുണ്ടായി. യോഗ തീരുമാന പ്രകാരം താഴെപ്പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ / സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ /സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ എല്ലാ ഡയറക്ടർ ബോർഡ് /ഭരണസമിതി യോഗങ്ങളുടെ നോട്ടീസും അജണ്ടകുറിപ്പുകളും യോഗദിവസത്തിന് കുറഞ്ഞത് 7 ദിവസം മുൻപായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കേണ്ടതാണ്.

**മനോജ് ജോഷി**
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ
ഡയറക്ടർ, ബ്യൂറോ ഓഫ് പബ്ലിക്ക് എന്റർപ്രൈസസ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫോർമേഷൻ &പബ്ലിക്ക് റിലേഷൻസ്, തിരുവനന്തപുരം.
നോഡൽ ഓഫീസർ ,www.finance,kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ